കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - വാമനപുരം ബ്ലോക്കിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയിലെ ക്രമക്കേട് - നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.എസ് ബാലുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 2122/2017/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,**24/06/2017**

---

പരാമർശം:
1. വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.10.2014 ലെ E15(QV03/13/SIVII) 5542 /2013 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 30.03.2016, 25.06.2016 എന്നീ തീയതികളിലെ 7663/എസ്റ്റാ എ 2/15/സി.ആർ.ഡി നമ്പർ കത്തുകൾ.
3. ശ്രീ.കെ.എസ് ബാലു,വിന് നൽകിയ 09.04.2015 ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീ.കെ.എസ് ബാലു സമർപ്പിച്ച 30.05.2015 ലെ പ്രതിവാദ പത്രിക.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പരിധിയിൽപെട്ട മാണിക്കൽ ഗ്രാമപഞ്ചായത്തിൽ 2010-2011ൽ പരിശോധന നടത്തി വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. ഇന്ദിര ആവാസ് യോജന പദ്ധതി (2010-2011)-യുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ആയ ശ്രീ.കെ.എസ്.ബാലുവിന്റെ ഭാഗത്തുനിന്നുമുണ്ടായ മേൽനോട്ട പിശക് മൂലം പദ്ധതിയുടെ ആനുകൂല്യം, സ്വന്തമായി വീടും വസ്തുവും ഉള്ള വിവരം ബോധപൂർവ്വം മറച്ചുവച്ച് ടി പഞ്ചായത്തിലെ മെമ്പറായിരുന്ന ശ്രീമതി.സുധർമ്മണി അനർഹമായി കൈപ്പറ്റിയതായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തുകയും, ശ്രീ.കെ.എസ്.ബാലുവിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാനും ശ്രീമതി.സുധർമ്മണി അനർഹമായി കൈപ്പറ്റിയ തുക ടിയാളിൽ നിന്നും ഈടാക്കുന്നതിനും വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തു. ശ്രീ. കെ.എസ്.ബാലു അശ്രദ്ധമായി, ശരിയായി പരിശോധന നടത്താതെ നടപടികൾ സ്വീകരിച്ചതിനാൽ ശ്രീമതി.സുധർമ്മണിയുടേ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ടിയാരി ഭവന നിർമ്മാണത്തിനുള്ള തുകയായ 74,710/- (എഴുപത്തിനാലായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) അനർഹമായി കൈപ്പറ്റുകയും ചെയ്തു. ശ്രീ. കെ.എസ്.ബാലുവിന് പരാമർശം (3) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കി. പരാമർശം (4) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചു. പ്രതിവാദ പത്രികയിൽ ടിയാൻ കുറ്റം നിഷേധിച്ചു.

ശ്രീമതി.സുധർമ്മിണിയുടേയും ഭർത്താവിന്റേയും പേരിൽ സംയുക്ത ഉടമസ്ഥാവകാശത്തിൽ ഒരു വീട് നിലവിലുണ്ടെന്നും ടിയാരി ഭർത്താവുമായി പിരിഞ്ഞ് ഒരു ചെറിയ വീട്ടിൽ താമസിച്ചു വരികയായിരുന്നുവെന്നും അവർ തമ്മിൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ രേഖകളൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും നിലവിൽ ശ്രീമതി.സുധർമ്മിണിയുടെ ഭർത്താവ് മരണപ്പെടുകയും, ടിയാരിയുടെയും ഭർത്താവിന്റെയും സംയുക്ത ഉടമസ്ഥതയിലുള്ള വീട്ടിൽ അവരുടെ മക്കൾ താമസിച്ചു വരുന്നതായും ശ്രീമതി.സുധർമ്മിണി നിയമപരമായി തനിക്കുകൂടി അവകാശപ്പെട്ട വീടിന് അവകാശവാദം ഉന്നയിക്കാതെയാണ് മറ്റൊരു ചെറിയ വീട്ടിൽ താമസിച്ചിരുന്നതെന്നും ഈ സമയത്താണ് ടിയാരി ഐ.എ.വൈ.ഭവനത്തിന് അപേക്ഷിച്ചതും, വീട് നിർമ്മാണത്തിനുള്ള ധനസഹായം കൈപ്പറ്റുകയും ചെയ്തിട്ടുള്ളതെന്നും വീടിന്റെ പണി പൂർത്തിയായിട്ടുള്ളതും ടിയാരി ഈ വീട്ടിൽ ഇപ്പോൾ താമസിച്ചുവരികയാണെന്നും ഐ.എ.വൈ.ഭവന നിർമ്മാണ ധനസഹായമായി 2010-11 സാമ്പത്തിക വർഷത്തിൽ ശ്രീമതി.സുധർമ്മിണി കൈപ്പറ്റിയ 74,710/- രൂപ തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും ബഹു.കേരള ഹൈക്കോടതിയുടെ 29/02/2016-ലെ ഡബ്ല്യൂ.പി.സി. നം.6656/16 നമ്പർ വിധി പ്രകാരം പ്രസ്തുത തുക 10 ഗഡുക്കളായി തിരികെ അടയ്ക്കുന്നതിന് കക്ഷി വിധി നേടിയിട്ടുണ്ടെന്നും ആയതിൻ പ്രകാരം ടിയാരി ഒന്നാം ഗഡുവായ 7500/- രൂപ ബ്ലോക്ക് ഐ.എ.വൈ.സെൻട്രൽ അക്കൗണ്ടായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വെഞ്ഞാറമൂട് ശാഖയിലെ 57055553062 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. 2010-11 കാലഘട്ടത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.കെ.എസ്.ബാലുവിനെ തെറ്റിദ്ധരിപ്പിച്ചാണ് ശ്രീമതി.സുധർമ്മിണി ആനുകൂല്യം കൈപ്പറ്റിയതെന്നും ഈ ചുമതല നിറവേറ്റുന്നതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.കെ.എസ്.ബാലുവിന്റെ ഭാഗത്ത് നിന്ന് മന:പൂർവ്വമല്ലാത്ത വീഴ്ച പറ്റിയതായും പരാമർശം (2) ലെ 30.03.2016 ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാണിക്കൽ ഗ്രാമപഞ്ചായത്തിലെ ഇന്ദിര ആവാസ് യോജന പദ്ധതി (2010-2011)-യുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ശ്രീ.കെ.എസ്.ബാലുവിന്റെ ഭാഗത്തുനിന്നും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിൽ മേൽനോട്ട പിശകുണ്ടായിട്ടുള്ളതായി കണ്ടെത്തിയതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1) ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ശ്രീ.കെ.എസ്.ബാലുവിന്റെ ഒരു വർഷത്തെ വാർഷിക വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ടും സുധർമ്മണി അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം ടിയാളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കികൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു..

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ ഐഎഎസ്**

**സെക്രട്ടറി**

ശ്രീ.കെ.എസ്.ബാലു, മുൻ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മാണിക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം( ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം